# സംസ്ഥാനവാർത്തകൾ

## വിവരങ്ങൾ ഡിജിറ്റലായി, ഗുണ്ടാവേട്ട ഇനിമുതൽ ഹൈടെക്

തലസ്ഥാനത്ത് ഗുണ്ടാപ്രവർത്തനത്തിൽ ഏർപ്പെടുന്ന എല്ലാവരുടെയും വിരലടയാളം അടക്കമുള്ള മുഴുവൻ രേഖകളും ഡിജിറ്റൽ രൂപത്തിലാക്കി സിറ്റിപൊലീസ് ഗുണ്ടാവേട്ടയും ഹൈടെക്കാക്കി. ഗുണ്ടാകേസുകളിലെ പ്രതികളുടെയും നേരത്തേ പ്രതികളായിരുന്നവരുടേയുമെല്ലാം വിരലടയാളം, ആധാർ വിവരങ്ങൾ, വിലാസം, കേസുകളുടെ വിവരങ്ങൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വിവരങ്ങൾ, ഫോൺ നമ്പറുകൾ, വീട്ടിലേക്കെത്താനുള്ള ജി.പി.എസ് വിവരങ്ങൾ അടക്കമുള്ളവയാണ് ഡിജിറ്റൽ രൂപത്തിൽ ശേഖരിക്കുന്നത്. കുറ്റകൃത്യങ്ങളിൽപെടുന്നവരുടെ വിരലടയാളം ലഭിച്ചാൽ ഗുണ്ടകളെ കണ്ടെത്താനാവും വിധത്തിലാണ് ഡാറ്റാബേസ് സജ്ജമാക്കുക.

(കേ.കൗ.,23/03)

********

.

*******